**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.202

28-10-2019 ൽ മറുപടിയ്ക്ക്

**ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് സ്റ്റേഷനുകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഡി.കെ.മുരളി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) 2018-ലെ പ്രളയത്തിനുശേഷം നവ കേരള സൃഷ്ടിയുടെ ഭാഗമായി ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | 2018 ലെ പ്രളയത്തിനുശേഷം നവകേരള സൃഷ്ടിയുടെ ഭാഗമായി ദുരന്ത മുഖങ്ങളിലെ അടിയന്തിര രക്ഷാപ്രവർത്തനത്തിന് പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുന്ന തിനായി സംസ്ഥാന വ്യാപകമായി സിവിൽ ഡിഫൻസ് രൂപീകരിച്ചു നവകേരളം സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള തസ്തികകളും infrastructure -ഉം ഉപയോഗപ്പെടുത്തി ജീവൻരക്ഷാ പ്രവർത്തനങ്ങളിൽ പ്രത്യേകം പരിശീലനം ലഭിച്ച അംഗങ്ങളുള്ള സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്ന തിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഫോർട്ട് കൊച്ചി ആസ്ഥാനമാക്കി ജലസുരക്ഷാ വിദഗ്ധ പരിശീലന കേന്ദ്രം ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;<br><br>സി) ഉണ്ടെങ്കിൽ ആ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | ബി) & സി) | പ്രദേശത്തെ ജനസാന്ദ്രത, റെസ്പോൺസ് ടൈം (ഗ്രാമ പ്രദേശങ്ങളിൽ 20 മിനിറ്റും, പട്ടണ പ്രദേശങ്ങളിൽ 5 മിനിറ്റും). പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ, പ്രദേശത്തിന്റെ അഗ്നിസുരക്ഷയെ ബാധിക്കാൻ സാധ്യത യുള്ള പ്രമുഖ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം എന്നിവ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് മാനദണ്ഡമാക്കേണ്ട തുണ്ട്. പുതിയ അഗ്നിരക്ഷാ നിലയം തുടങ്ങുന്നതിന് ആവശ്യമായ സ്ഥലത്ത് |

വകുപ്പ് രൂപകൽപ്പന ചെയ്ത രീതിയിലുള്ള കെട്ടിടം, വാഹനങ്ങൾക്ക് സുഗമമായി കടന്നു പോകുന്നതിനും. പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലസൗകര്യം ജലലഭ്യത മുതലായ മാനദണ്ഡങ്ങൾ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള സ്ഥലത്ത് അത്യാവശ്യമാണ്.

| | | | |
|---|---|---|---|
| ഡി) | സംസ്ഥാനത്ത് ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് സ്റ്റേഷനുകൾ & നിലവിലില്ലാത്ത നിയോജക മണ്ഡലങ്ങൾ ഉണ്ടോ; | ഡി) | ഉണ്ട്. |
| ഇ) | ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ? | ഇ) | നേമം, വട്ടിയൂർക്കാവ്, ചിറയിൻകീഴ്, ഇരവിപുരം, ആലപ്പുഴ, ഏറ്റുമാനൂർ, നെന്മാറ, തൃത്താല, ഒറ്റപ്പാലം, പട്ടാമ്പി, കോങ്ങാട്, ഏറനാട്, വള്ളിക്കുന്ന്, തിരൂരങ്ങാടി, താനൂർ, കൊണ്ടോട്ടി, കോട്ടയ്ക്കൽ, തവനൂർ, വേങ്ങര, മങ്കട, ചേലക്കര, മണലൂർ, ഒല്ലൂർ, കയ്പമംഗലം, കുറ്റ്യാടി, ബാലുശ്ശേരി, ഏലത്തൂർ, ബേപ്പൂർ, കുന്ദമംഗലം, ധർമ്മടം, അഴീക്കോട്, കല്യാശ്ശേരി എന്നീ നിയോജക മണ്ഡലങ്ങളിൽ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ നിലവിലില്ല |

സെക്ഷൻ ഓഫീസർ